"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ്-ഐസിഡിഎസ്-പ്രീസ്കൂൾ കുട്ടികളുടെ വയസിന് ആനുപാതികമായി വർക്ക് ബുക്ക് തയ്യാറാക്കൽ -മുൻകൂർ അനുമതി ഇല്ലാതെ ശില്പശാല സംഘടിപ്പിച്ച നടപടി -സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.206/2024/WCDD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:- 1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.03.2024 ലെ DWCD/4392/2022-ICDSB2 നമ്പർ കത്ത്

### ഉത്തരവ്

കേരളത്തിലെ അങ്കണവാടികളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന "അങ്കണപ്പൂമഴ" വർക്ക് ബുക്കുകൾ 3 - 6 വയസ് വരെയുള്ള കുട്ടികൾക്ക് എല്ലാം ഒരുപോലെ ഉപയോഗിക്കുന്ന തരത്തിൽ ആണ്. ടി വർക്ക് ബുക്കുകൾ 3-4, 4-5, 5-6 എന്നിങ്ങനെ വ്യത്യസ്ത പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റങ്ങൾ വരുത്തണമെന്ന് തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ അങ്കണപ്പൂമഴ വർക്ക് ബുക്ക് പ്രീ സ്കൂൾ കുട്ടികളുടെ വയസിന് ആനുപാതികമായി തയ്യാറാക്കുന്നതിനുള്ള 3 0 തീമുകൾ അടിസ്ഥാനപ്പെടുത്തി 6 വർക്ക് ഷോപ്പുകൾ പൂർത്തിയായിട്ടുള്ളതായും കഴിഞ്ഞ 6 ഘട്ട ശില്പശാലകൾക്കായി ഏകദേശം 6,45,622/- (ആറ് ലക്ഷത്തി നാൽപ്പത്തിയഞ്ചായിരത്തി അറുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ടെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 6 ഘട്ട ശില്പശാല നടത്തിയ വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതിനും, ഈ ഇനത്തിൽ നടപ്പ് വർ ഷത്തെ 2235-02-102-56 (p) ശീർഷകത്തിൽ നിന്നും ചെലവഴിച്ച തുകയായ 6,45,622/-രൂപ അംഗീകരിച്ചും നൽകണമെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻകൂർ അനുമതി ഇല്ലാത്ത 6 ഘട്ട ശില്പശാല നടത്തിയ വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകിയും, പ്രസ്തുത ശില്പശാല നടത്തിയ വകയിൽ ചെലവഴിച്ച 6,45,622/- (ആറ് ലക്ഷത്തി

നാല്പത്തി അയ്യായിരത്തി അറുനൂറ്റി ഇരുപത്തിരണ്ട് രൂപ) രൂപ 2235-02-102-56(P) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/136/2023-FIN]

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 19-06-2024 13:34:14

സെക്ഷൻ ഓഫീസർ